**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** | **09-02-2023 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ പദ്ധതിയ്ക്ക് കേന്ദ്രാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈൻ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാ<br><br>ലയത്തിനു സമർപ്പിക്കുകയും ആയത് റെയിൽവേ ബോർഡിന്റെ പരിശോധനയിലുമാണ്. പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനു ശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിന് പുനഃവിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കെതിരെ ജനങ്ങൾ നടത്തിയ പ്രതിഷേധം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | രാഷ്ട്രീയ ലക്ഷ്യത്തോടെ ചില സമരങ്ങൾ നടന്നിട്ടുണ്ട്. അതിലുണ്ടായ അക്രമങ്ങൾക്കെതിരെ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ജനങ്ങൾ നടത്തിയ പ്രതിഷേധത്തിന്റെ ഭാഗമായി എടുത്ത കേസുകൾ പിൻവലിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | രാഷ്ട്രീയ ലക്ഷ്യത്തോടെ ചില സമരങ്ങൾ നടന്നിട്ടുണ്ട്. അതിലുണ്ടായ അക്രമങ്ങൾക്കെതിരെ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ